**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5006** **20-03-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപക തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യയന വർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ജൂലൈ 15-ന് മുമ്പ് അധ്യാപക തസ്തികാനിർണ്ണയം പൂർത്തിയാക്കണമെന്ന വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇപ്രകാരം തസ്തികാനിർണ്ണയം പൂർത്തിയാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അധ്യയന വർഷം ആരംഭിച്ച ആറാം പ്രവൃത്തി ദിനത്തിലെ UID ഉള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ജൂലൈ 15 നകം തസ്തിക നിർണ്ണയം പൂർത്തിയാക്കണം എന്ന് KER അധ്യായം 23 ചട്ടം 12 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ പ്രാഥമിക ഘട്ടം ജൂലൈ 15 നകം നടത്തിയിട്ടുണ്ട്. തസ്തിക നിർണ്ണയം ( HST ഇംഗ്ലീഷ് ഒഴികെ) 2024 ജൂലൈ 15 നകം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിരുന്നു. HST ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈകോടതി മുമ്പാകെ കോടതി അലക്ഷ്യ നടപടികൾ നിലനിൽക്കുന്നതിനാൽ, സ.ഉ(കൈ) നം.120/2024/പൊ.വി.വ തീയതി 26.09.2024 പ്രകാരം തസ്തിക നിർണ്ണയം നടത്തുന്നതിനു 31.10.2024 വരെ സമയം അനുവദിച്ചു. അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാറിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇപ്രകാരമുള്ള അധ്യാപക തസ്തിക നിർണ്ണയത്തെ അടിസ്ഥാനമാക്കിയാണ് അധ്യാപക പുനർവിന്യാസവും അധ്യാപക നിയമനവും നടക്കുന്നതെന്നതിനാൽ ഇതിന്റെ പൂർത്തീകരണത്തിലെ കാലതാമസം പി.എസ്.സി നിയമനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം അധ്യാപക നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | തസ്തിക നിർണ്ണയം ചട്ട പ്രകാരം പൂർത്തിയാക്കി ഒഴിവുകൾ പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു |

| | | | |
|---|---|---|---|
| (സി) | അധിക തസ്തിക നിർദ്ദേശിച്ച സ്കൂളുകളിൽ അതിവേഗം പരിശോധന പൂർത്തിയാക്കി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും അതുവഴി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ആളുകൾക്ക് നിയമനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അധിക തസ്തികകളുടെ തസ്തിക നിർണ്ണയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാറിന് സമർപ്പിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് അർഹമായ തസ്തികകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ